പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2756 | 18/08/2017-ൽ മറുപടിക്ക്

# സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക തസ്തിക നിർണ്ണയം

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഈ വർഷത്തെ അദ്ധ്യാപക തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ എത്ര അദ്ധ്യാപക തസ്തികകളാണ് അധികമായി കണ്ടെത്തിയിട്ടുള്ളത് ; | (എ) ഉണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം സർക്കാർ സ്കൂളുകളിൽ 2459 തസ്തികകളും എയ്ഡഡ് സ്കൂളുകളിൽ 3771 തസ്തികകളും വർദ്ധിച്ചിട്ടുണ്ട്. |
| (ബി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 9, 10 ക്ലാസ്സുകളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഒൻപതാംതരത്തിൽ ~~22391 കുട്ടികൾ 2017-~~ 18 വർഷം കൂടുതലായി ചേർന്നിട്ടുണ്ട്. എന്നാൽ പത്താം തരത്തിൽ 841 കുട്ടികൾ കുറയുകയാണ് ചെയ്തിട്ടുള്ളത്. |
| (സി) നിലവിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണ്; കഴിഞ്ഞ വർഷം ഇത് എത്രയായിരുന്നു; | (സി) നിലവിലുള്ള വിദ്യാർത്ഥി-അദ്ധ്യാപക അനുപാതത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം (2016-17) തസ്തിക നിർണയം നടത്തിയിരുന്നില്ല. |
| (ഡി) ഐ.ടി കോർഡിനേറ്റർമാർക്ക് അതിന്റെ മാത്രം ചുമതല നൽകി പഠിപ്പിക്കുന്ന ജോലിയിൽ നിന്നും അവരെ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) നിലവിലുള്ള സാഹചര്യത്തിൽ പരിഗണിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## i) I മുതൽ V വരെ ക്ലാസുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 30 വരെ | 1 |
| 31 മുതൽ 60 വരെ | 2 |
| 61 മുതൽ 90 വരെ | 3 |
| 91 മുതൽ 120 വരെ | 4 |
| 121 മുതൽ 150 വരെ | 5 |
| 151 മുതൽ 200 വരെ | 5 |
| 201 മുതൽ 240 വരെ | 6 |
| 241 മുതൽ 280 വരെ | 7 |
| 281 മുതൽ 320 വരെ | 8 |

( 121 മുതൽ 200 വരെ 5 ഡിവിഷനുകളാണുള്ളത് എന്ന കാര്യം ശ്രദ്ധിക്കുക)

## ii). VI മുതൽ VIII വരെ ക്ലാസുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 35 വരെ | 1 |
| 36 മുതൽ 70 വരെ | 2 |
| 71 മുതൽ 105 വരെ | 3 |
| 106 മുതൽ 140 വരെ | 4 |
| 141 മുതൽ 175 വരെ | 5 എന്ന ക്രമത്തിൽ |

## iii) IX, X ക്ലാസുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 50 വരെ | 1 |
| 51 മുതൽ 95 വരെ | 2 |
| 96 മുതൽ 140 വരെ | 3 |
| 141 മുതൽ 185 വരെ | 4 |

സെക്ഷൻ ഓഫീസർ